അനുവദിച്ചു നടപ്പാക്കികൊണ്ട് അവരെ രക്ഷിക്കണമെന്നാണ് അപേക്ഷിക്കാനുള്ളത്.

പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, കണ്ണൂർ ജില്ലയിലെ ആറളം സെൻട്രൽ സ്റ്റേറ്റ് ഫാമിനുവേണ്ടി 1971-ൽ 3060 ഹെക്ടർ ഭൂമി അക്വയർ ചെയ്തിരുന്നു. ആ സമയത്ത് അവിടെ താമസിച്ചിരുന്ന പട്ടികവർഗ്ഗക്കാരായ ഇരുപതു കുറിച്യാ കുടുംബങ്ങൾക്ക് അഞ്ച് ഏക്കർ ഭൂമി വീതം നൽകി പുനരധിവസിപ്പിച്ചിരുന്നു. എന്നാൽ നിലവിൽ ഈ ഫാമിനകത്തു താമസിക്കുന്ന പണിയ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് കണ്ണൂർ ഐ.ടി.ഡി.പി, ഓഫീസർ, ജില്ലാ കളക്ടർ എന്നിവർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുള്ള കർമ്മപരിപാടി തയ്യാറാക്കാൻ ജില്ലാതലത്തിൽ പഞ്ചായത്തിന്റെയും പട്ടികജാതി/പട്ടികവർഗ്ഗവികസന വകുപ്പിന്റെയും ഫാം വകുപ്പിന്റെയും ആളുകളെ സംയുക്തമായി പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു യോഗം വിളിച്ചുകൂട്ടുകയും അവർക്ക് ഭൂമി കൊടുക്കുന്നതിന് നടപടി സ്വീകരിച്ചുവരികയുമാണ്. ഈ സെൻട്രൽ ഫാം സ്റ്റേറ്റിനു കിട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്. ഈ ഫാം സ്റ്റേറ്റിനു കിട്ടുകയാണെങ്കിൽ ഈ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് വേണ്ട നടപടികൂടി സ്വീകരിക്കുന്നതാണ്.

V. റിപ്പോർട്ട് സമർപ്പണം

1. കാര്യോപദേശക സമിതിയുടെ ഇരുപത്തിയാറാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കാര്യോപദേശ സമിതിയുടെ 26-ാമതു റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

2. പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 76 മുതൽ 89 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ കമ്മിറ്റിയുടെ എഴുപത്തിയാറു മുതൽ എൺപത്തിയൊൻപതു വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

3. പരിസ്ഥിതി സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട്

ശ്രീ. ബാബു ദിവാകരൻ : സർ, പരിസ്ഥിതി സമിതിയുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ പതിനഞ്ചാമതു റിപ്പോർട്ടു സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

VI. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഇരുപത്തിയാറാമത് റിപ്പോർട്ട്

കാര്യോപദേശ സമിതിയുടെ ഇരുപത്തിയാറാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly